ഭരണഭാഷ - മാതൃഭാഷ

വളരെ അടിയന്തിരം

ജെ5-27946/17

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.27.07.2017

**പഞ്ചായത്ത് ഡയറക്ടർ**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

സർ,

വിഷയം: പഞ്ചായത്ത്വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ - KIIFB ധനസഹായത്തോടെ വാതക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. 2017-18 ബഡ്ജറ്റ് നിർദ്ദേശം
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.07.2017 - ലെ 3213/C1/2017/SM നമ്പർ കത്ത്.

***

2017-18 സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ 100% ധനസഹായത്തോടെ ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് KIIFB മുഖേന 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ ശുചിത്വമിഷൻ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രൊപ്പോസലുകൾ 10.08.2017 ന് മുമ്പായി ശുചിത്വമിഷനിൽ സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി സൂചന (2) കത്തും മാർഗ്ഗനിർദ്ദേശങ്ങളും ഉള്ളടക്കങ്ങളും ചെയ്യുന്നു. 10.8.2017 നകം പ്രൊപ്പോസൽ സമർപ്പിച്ച ഗ്രാമപഞ്ചായത്തുകളുടെ പേരും സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച വിവരങ്ങളും ജില്ലാതലത്തിൽ ക്രോഡീകരിച്ച് 14.08.2017 നകം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി**

ജെ.എൽ 27/7